# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 18, ബുധൻ
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 346)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമയും ദേവസ്വവും വകുപ്പുമന്ത്രി | : 2286 മുതൽ 2423 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 2424 മുതൽ 2506 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : 2507 മുതൽ 2561 വരെ |
| പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 2562 മുതൽ 2631 വരെ |

<u>പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനം</u>

2286 ശ്രീ. കെ. കെ. ജയചന്ദ്രൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' രാജു എബ്രഹാം
'' വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻപ് പ്രഖ്യാപിച്ചിരുന്ന ഇടുക്കി, വയനാട്, കോന്നി, തിരുവനന്തപുരം, ഹരിപ്പാട് എന്നിവിടങ്ങളിലെ പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്; എപ്പോൾ പ്രവർത്തനം തുടങ്ങാനാകുമെന്നാണ് കണക്കാക്കുന്നത്;

(സി) പ്രഖ്യാപനത്തിനനുസൃതമായി ബജറ്റിൽ തുക വകയിരുത്തിയിരുന്നോ;

(ഡി) എങ്കിൽ ഇവ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള എസ്റ്റിമേറ്റ് തുകയും നീക്കിവെച്ചിരുന്ന തുകയും ചെലവഴിച്ചതെത്രയെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ

2287 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ;

(ബി) രജിസ്ട്രേഷന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത്;

(സി) രജിസ്ട്രേഷൻ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ;

(ഡി) നടപടിമൂലം പൂട്ടിപ്പോകുന്ന സ്ഥാപനങ്ങൾക്ക് പകരം സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

മന്തുരോഗനിവാരണം

2288 ഡോ.ടി.എം. തോമസ് ഐസക്
ശ്രീ. സി. കെ. സദാശിവൻ
,, ബി. ഡി. ദേവസ്സി
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്തുരോഗനിവാരണ പരിപാടിയുടെ പുരോഗതി വിലയിരുത്തിയിരുന്നോ;

(ബി) പരിപാടിയുടെ ഭാഗമായി ലക്ഷ്യമിട്ടിരുന്ന എല്ലാവർക്കും ഗുളിക എത്തിച്ചു നൽകിയിരുന്നോ;

(സി) മുൻവർഷങ്ങളിലേതുപോലെതന്നെ ഈ വർഷവും പരിപാടി ലക്ഷ്യം കാണാതെപോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഈ പരിപാടി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പരിപാടിയുടെ ഭാഗമായി മരുന്നു കഴിച്ചവരെ അത് എങ്ങനെ ബാധിന്നുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; പഠനത്തിന് ശേഷം മരുന്ന് വിതരണം നടത്തുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

സർക്കാർ ആശുപത്രികളിലെ സേവനത്തിന്റെ ഗുണനിലവാരം

2289 ശ്രീ. ഇ.പി. ജയരാജൻ
,, വി. ശിവൻകുട്ടി
ശ്രീമതി. കെ.കെ. ലതിക
ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ സേവനത്തിന്റെ ഗുണനിലവാരം ആശങ്കാജനകമായ രീതിയിൽ മോശമായിക്കൊണ്ടിരിക്കുകയാണെന്നു മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) മൂവാറ്റുപുഴ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നടന്ന സംഭവത്തിന്റെയും നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലും നടന്ന ഗുരുതരമായ ചികിത്സാപിഴവിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്രഫണ്ടു പോലും സമയബന്ധിതമായി വിനിയോഗിക്കാൻ പരാജയപ്പെട്ടതാണ് ഈ ദുസ്ഥിതിക്ക് കാരണമെന്ന് കരുതുന്നുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>കുറഞ്ഞ മാതൃമരണ നിരക്ക്</u>

2290 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ മാതൃമരണ നിരക്കിന്റെ കാര്യത്തിൽ ദേശീയ തലത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ ഒന്നാം സ്ഥാനം നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിനായി നടപ്പിലാക്കിയത്; വിശദമാക്കുമോ;

(ഡി) മാതൃമരണ നിരക്ക് പരമാവധി കുറയ്ക്കുവാൻ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>ഏകീകൃത പൊതുജനാരോഗ്യ നിയമം</u>

2291 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ ആവശ്യകത സംബന്ധിച്ച് സാദ്ധ്യതപഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിന്റെ അപര്യാപ്തത മൂലം വകുപ്പുകൾ തമ്മിലുള്ള ഏകാപനമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരോഗ്യ-ഭക്ഷ്യ-പോലീസ് വകുപ്പുകളുടെ സേവനങ്ങൾ വ്യക്തമായി നിഷ്കർഷിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇല്ലെങ്കിൽ ബദൽസംവിധാനം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ നയം</u>

2292 ശ്രീ.സണ്ണി ജോസഫ്
,, എം.എ. വാഹീദ്
,, വി. റ്റി ബൽറാം
,, എ. റ്റി ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തുമോ;

(സി) പ്രസ്തുത നയം രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യനയം</u>

2293 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സമഗ്ര ആരോഗ്യനയം രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള നടപടി സമഗ്ര ആരോഗ്യനയത്തിൽ ഉൾപ്പെടുത്തുമോ;

(സി) പ്രസ്തുത ആരോഗ്യനയ രൂപീകരണത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കാനഡയിലെ മക്മാസ്റ്റർ സർവ്വകലാശാല ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേ</u>

2294 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാനഡയിലെ മക്മാസ്റ്റർ സർവ്വകലാശാലയിലെ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) ഈ സർവേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണ്;

(സി) ഇത്തരത്തിൽ ഒരു സർവേ നടത്തുന്നതിന് ആരോഗ്യ വകുപ്പിന് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അനുമതി ഉത്തരവ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സർവേ നടത്തുന്നതിന് ആരോഗ്യ വകുപ്പ് എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(എഫ്) സർവേയിലൂടെ ലഭ്യമായ വിവരങ്ങൾ മക്മാസ്റ്റർ സർവ്വകലാശാലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ;

(ജി) പ്രസ്തുത സർവേ നടത്തുന്നതുകൊണ്ടും സർവേയിലൂടെ ലഭ്യമായ വിവരങ്ങൾ പങ്കുവയ്ക്കുന്നതുകൊണ്ടും സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദീകരിക്കുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>ഗവണ്‍മെന്റ്തലത്തില്‍ പ്രവര്‍ത്തിക്കുന്ന സാന്ത്വന പരിചരണ യൂണിറ്റുകള്‍</u>

2295 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മെഡിക്കല്‍ കോളേജുകള്‍, ജില്ലാ ആശുപത്രികള്‍, താലൂക്ക് ആശുപത്രികള്‍ എന്നിവ കേന്ദ്രീകരിച്ച് ഗവണ്‍മെന്റ് തലത്തില്‍ എത്ര സാന്ത്വന പരിചരണ യൂണിറ്റുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്;

(ബി) ഗവണ്‍മെന്റ്തലത്തില്‍ പ്രവര്‍ത്തിക്കുന്ന സാന്ത്വന പരിചരണ യൂണിറ്റുകള്‍ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്;

(സി) ഗവണ്‍മെന്റ്തലത്തില്‍ പ്രവര്‍ത്തിക്കുന്ന എത്ര സാന്ത്വന പരിചരണ യൂണിറ്റുകള്‍ക്ക് സ്വന്തമായി വാഹനം ലഭ്യമാക്കിയിട്ടുണ്ട്;

(ഡി) സാന്ത്വന പരിചരണ രംഗത്തു മാത്രമായി പ്രവര്‍ത്തിക്കുന്നതിന് എത്ര മെഡിക്കല്‍ ഓഫീസര്‍മാരുടെയും എത്ര പാരാമെഡിക്കല്‍ ജീവനക്കാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്;

(ഇ) സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികള്‍ക്കാവശ്യമായ മരുന്നുകള്‍ സൗജന്യമായി ലഭ്യമാക്കുവാന്‍ കഴിഞ്ഞ സാമ്പത്തികവര്‍ഷം എത്ര തുക ചെലവഴിച്ചു; ഈ സാമ്പത്തിക വര്‍ഷം എത്ര തുക നീക്കി വച്ചു?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

പാർശ്വഫലങ്ങൾ ഇല്ലാത്ത പോഷക ചികിത്സാരീതിസംബന്ധിച്ച പഠനം

2296 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർശ്വഫലങ്ങൾ ഇല്ലാത്ത പോഷകചികിത്സാരീതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ രീതി സംബന്ധിച്ച് ആധികാരികമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ; സംസ്ഥാനത്ത് ഈ രീതി വ്യാപകമാക്കുന്നതിന് വേണ്ടി തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലായെങ്കിൽ അനുബന്ധ ആധികാരിക പഠനത്തിന് ശേഷം ഈ രീതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

ജനിതക വൈകല്യം ബാധിച്ചവരുടെ ചികിത്സ

2297 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജനിതകവൈകല്യം ബാധിച്ചവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും സംസ്ഥാനത്തെ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് നിരക്ക്</u>

2298 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ചികിത്സകൾക്ക് നിശ്ചിത നിരക്ക് നിശ്ചയിച്ചു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധമായ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ചികിത്സകൾക്ക് നിശ്ചിത നിരക്ക് നിശ്ചയിച്ചു നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സാന്ത്വന പരിചരണരംഗത്ത് പ്രവര്‍ത്തിക്കുന്ന സന്നദ്ധസംഘടനകള്‍</u>

2299 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സാന്ത്വന പരിചരണരംഗത്തു പ്രവര്‍ത്തിക്കുന്ന അംഗീകാരമുള്ള സന്നദ്ധസംഘടനകളും അവയുടെ സ്ഥാപനങ്ങളും ഏതെല്ലാമാണ്; ജില്ല തിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കുമോ;

(ബി) സാന്ത്വന പരിചരണരംഗത്തെ സന്നദ്ധസംഘടനകളും ആരോഗ്യവകുപ്പും തമ്മിലുള്ള ഏകോപനം എങ്ങനെയാണു നടക്കുന്നത്;

(സി) സാന്ത്വന പരിചരണരംഗത്തുള്ള സന്നദ്ധസംഘടനകള്‍ക്ക് എന്തെല്ലാം ഇന്‍സ്റ്റിറ്റ്യൂഷണല്‍ സപ്പോര്‍ട്ടാണു നല്‍കുന്നത്;

(ഡി) സാന്ത്വന പരിചരണരംഗത്തു നല്ലരീതിയില്‍ പ്രവര്‍ത്തിക്കുന്ന സന്നദ്ധസംഘടനകള്‍ക്ക് അവശ്യമരുന്നുകള്‍ മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേന സൗജന്യമായി ലഭ്യമാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികൾക്ക് കുത്തിവെയ്പ്</u>

2300 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികൾക്ക് എന്തെങ്കിലും കുത്തിവെയ്പ് നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് കുത്തിവെയ്പ് എന്നും എന്തിനുവേണ്ടിയാണ് ഈ കുത്തിവെയ്പ് എന്നും ഇതുവരെ എത്ര കുട്ടികൾക്ക് ഈ കുത്തിവെയ്പ് നടത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഈ കുത്തിവെയ്പ് നടത്തുന്നതിന് മുമ്പ് ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) ഈ കുത്തിവെയ്പിനു ശേഷം കുട്ടികൾക്ക് എന്തെങ്കിലും ശാരീരിക പ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ടുണ്ടായിരുന്നോ;

(ഇ) സ്കൂൾ വിദ്യാർത്ഥികൾക്ക് മുഴുവനും ഇരുമ്പുസത്ത് ഗുളിക വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ജി) രാജ്യത്തെ മറ്റേതൊക്കെ സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ മുഴുവൻ കുട്ടികൾക്കും കുത്തിവെയ്പും ഗുളിക വിതരണവും നടത്തുന്നുണ്ട് എന്ന് വിശദമാക്കുമോ;

(എച്ച്) പെന്റാവാലന്റ് കുത്തിവെയ്പുകാരണം സംസ്ഥാനത്ത് ഇതുവരെ എത്ര കുട്ടികൾ മരണപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

108 ആംബുലൻസ് സർവ്വീസ്

2301 ശ്രീ. സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് സർവ്വീസ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി എത്ര ആംബുലൻസുകൾ വാങ്ങുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ആംബുലൻസുകൾ വാങ്ങുന്നതിനുള്ള ചുമതല മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെയാണോ ഏൽപ്പിച്ചിട്ടുള്ളത്;

(സി) ഇത്തരത്തിൽ വാങ്ങുന്ന ആംബുലൻസുകൾ ആരുടെ പേർക്കാണ് രജിസ്റ്റർ ചെയ്യുന്നത്;

(ഡി) 108 ആംബുലൻസ് സർവ്വീസിലെ ജീവനക്കാരുടെ പുതുക്കിയ സേവന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>108 ആംബുലൻസ് സർവ്വീസിന് പകരം സംവിധാനം</u>

2302 ശ്രീ. തോമസ് ചാണ്ടി
,, എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക ജീവൻരക്ഷാ ഉപകരണങ്ങളുമായി പ്രശസ്തമായ രീതിയിൽ സൗജന്യസേവനം നൽകിവരുന്ന 108 ആംബുലൻസുകൾ നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് പകരമായി ഫലപ്രദമായ രീതിയിൽ സേവനം നടത്തുന്ന എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പുതുതായി ഏർപ്പെടുത്തുന്ന ബി.എൽ.എസ്. ആംബുലൻസിൽ ഹൃദ്രോഗികൾക്ക് ആവശ്യമായ വെന്റിലേറ്റർ സംവിധാനവും മിനി ഐ.സി.യു. എന്ന നിലയിൽ പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ടും ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രത്യേകം പരിശീലനം ലഭിച്ച നഴ്സുമാരുടെ സേവനവും ലഭ്യമാക്കുമോയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

108 ആംബുലൻസുകൾ

2303 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക ജീവൻസുരക്ഷാ സംവിധാനങ്ങളുള്ള എത്ര 108 ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളെ ഒഴിവാക്കി ബേസ് ലൈഫ് സപ്പോർട്ടു മാത്രമുള്ള ആംബുലൻസുകൾ വാങ്ങാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് ആഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ടുള്ള 108 ആംബുലൻസ് വാങ്ങാത്തതെന്ന് വിശദമാക്കാമോ;

(ഡി) ഈ നടപടി സാധാരണക്കാരുടെ ജീവന് സുരക്ഷ ഉറപ്പാക്കാനുള്ള പദ്ധതിയെ തകിടം മറിക്കലാണെന്ന അഭിപ്രായത്തെക്കുറിച്ച് നിലപാട് വിശദമാക്കാമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം</u>

2304 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രഗവൺമെന്റിൽ നിന്നും വഭിച്ച ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ലഭ്യമായ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാനാണ് നിർദ്ദേശിച്ചത്;

(സി) ഓരോ വർഷവും ഗ്രാമീണ മേഖലയിലെ ആരോഗ്യ രംഗത്ത് പശ്ചാത്തല സൗകര്യ വികസനത്തിനായി എത്ര തുക വീതം ചെലവഴിച്ചു;

(ഡി) കണ്ണൂർ ജില്ലയിൽ ഓരോ വർഷവും പശ്ചാത്തല സൗകര്യവികസനത്തിനായി ചെലവഴിച്ച തുക എത്ര;

(ഇ) ഓരോ വർഷവും കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം ഏത് ആവശ്യങ്ങൾക്ക് ലഭ്യമാക്കി എന്നതു സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ ബോധന പദ്ധതി</u>

2305 ശ്രീ. കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ ബോധന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ ഹെൽത്ത് പ്രോഗ്രാം</u>

2306 ശ്രീ. ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാം വ്യാപിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം തരം സ്കൂളുകളിലേക്കാണ് പ്രസ്തുത പ്രോഗ്രാം വ്യാപിപ്പിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എന്തെല്ലാം പ്രയോജനങ്ങളാണ് പ്രസ്തുത പ്രോഗ്രാം മുഖേന കുട്ടികൾക്ക് ലഭിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യ കേരളം സാന്ത്വന പരിചരണ പദ്ധതി</u>

2307 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' വി. ഡി. സതീശൻ
'' ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കേരളം സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതി എവിടെയൊക്കെയാണ് നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പദ്ധതി താലൂക്ക് ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

ഹെൽത്ത് ഒബ്സർവേറ്ററി പദ്ധതി

2308 ശ്രീ. സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് പഠിക്കാനും നിയന്ത്രിക്കാനുമുള്ള ഹെൽത്ത് ഒബ്സർവേറ്ററി പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ആളുകളെ ഉൾപ്പെടുത്തി സർവ്വേ നടത്താനായിരുന്നു ലക്ഷ്യം;

(ബി) സാധ്യതാപഠനത്തിനായി എത്ര കുടുംബങ്ങളിൽ ഇതുവരെ സർവ്വേ നടത്തി;

(സി) ഇതുമായി ബന്ധപ്പെട്ട് മനുഷ്യനിൽ ഏതെങ്കിലും മരുന്നിന്റെ പരീക്ഷണം നടത്തിയിട്ടുണ്ടോ; ശരീരകോശത്തിന്റെ സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ടോ;

(ഡി) സാധ്യതാപഠനത്തിന് ചെലവായ തുക ആരാണ് വഹിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അമ്മയും കുഞ്ഞും പദ്ധതി</u>

2309 ശ്രീ. ടി. എൻ. പ്രതാപൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കുന്നതിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

മിഷൻ 676 ൽ ഉൾപ്പെടുത്തിയ ആരോഗ്യസുരക്ഷ പദ്ധതികൾ

2310 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>ആരോഗ്യകിരണം പദ്ധതി</u>

2311 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആരോഗ്യ കിരണം പദ്ധതിയിൽ ആർക്കൊക്കെയാണ് സൗജന്യ ചികിത്സ നൽകി വരുന്നത് ;

(ബി) ആരോഗ്യ കിരണം പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കുറഞ്ഞ വരുമാനക്കാർക്ക് രോഗചികിത്സക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

2312 ശ്രീ. തോമസ് ഉണ്ണിയാടൻ
'' റ്റി.യു. കുരുവിള
'' സി.എഫ്. തോമസ്
'' മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വരുമാനക്കാർക്ക് രോഗചികിത്സക്കായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>നഗര ആരോഗ്യദൗത്യം പദ്ധതി</u>

2313 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര ആരോഗ്യദൗത്യം പദ്ധതി നടപ്പിലാക്കുവാൻ 2013-14 ൽ എത്ര തുകയാണ് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭ്യമായത്;

(ബി) ഏതെല്ലാം കോർപ്പറേഷനുകളും നഗരസഭകളുമാണ് കഴിഞ്ഞവർഷം നഗര ആരോഗ്യദൗത്യം നടപ്പിലാക്കുവാൻ തെരഞ്ഞെടുത്തത്;

(സി) നഗര ആരോഗ്യദൗത്യം മുഖേന ആരോഗ്യരംഗത്ത് എന്തെല്ലാം പദ്ധതികളാണ് 2013-2014 ൽ നടപ്പിലാക്കിയത്;

(ഡി) 2014-2015 ൽ നഗര ആരോഗ്യദൗത്യം ഏതെല്ലാം കോർപ്പറേഷനുകളിലും നഗരസഭകളിലുമാണ് നടപ്പിലാക്കുന്നത്;

(ഇ) ഇതിനായി മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(എഫ്) കണ്ണൂർ ജില്ലയിലെ ഏതെല്ലാം നഗരസഭകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>നിർമ്മാർജ്ജനം ചെയ്ത പകർച്ചവ്യാധികൾ വീണ്ടും വരാതിരിക്കാനുള്ള നടപടി</u>

2314 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്ത പല പകർച്ചവ്യാധികളും കേരളത്തിൽ തിരികെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ ഇത്തരം രോഗങ്ങൾ പടരുന്നത് പ്രതിരോധിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്ത് പകർച്ചവ്യാധികൾ വ്യാപിക്കുന്നതിനിടയായ സാഹചര്യം</u>

2315 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി, മലേറിയ, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപിക്കുന്നതിനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് രേഖാമൂലം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പകർച്ചപ്പനിയും മറ്റും ബാധിച്ച് എത്ര പേർ മരണപ്പെട്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ശുചിത്വമിഷൻ, ദേശീയ ആരോഗ്യ മിഷൻ എന്നിവയിൽ നിന്നുള്ള ഫണ്ട്</u>

2316 ശ്രീ. എം. ഹംസ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സി. കൃഷ്ണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ പ്രാധാന്യം സർക്കാർ ഉൾക്കൊണ്ടിട്ടുണ്ടോ;

(ബി) മഴക്കാലം ആരംഭിച്ചിട്ടും മഴക്കാല പൂർവ്വ ശുചീകരണം നടത്താത്തത് പകർച്ചവ്യാധികളുടെ വ്യാപനത്തിനിടയാക്കുമെന്ന് കരുതുന്നുണ്ടോ;

(സി) ഇതിനായി ശുചിത്വമിഷൻ, ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ എന്നിവയിൽ നിന്നുള്ള ഫണ്ട് എന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് ജില്ലാതലത്തിൽ ചേർന്ന ഉന്നതതല യോഗങ്ങളുടെ തീരുമാനം എന്തായിരുന്നു; അത് പ്രാവർത്തികമായോ എന്ന് പരിശോധിച്ചിരുന്നോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

മണ്ഡല ബ്ലോക്കുതല മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

2317 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാലവർഷം മുന്നിൽകണ്ട് പകർച്ചവ്യാധികൾ തടയുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ആരോഗ്യവകുപ്പിനു കീഴിൽ മണ്ഡല-ബ്ലോക്കുതല പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങളുടെ അവലോകനം നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>വര്‍ഷകാലാരംഭത്തില്‍ ശുചീകരണ പ്രവര്‍ത്തനങ്ങള്‍</u>

2318 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് വര്‍ഷകാലാരംഭത്തില്‍ മുന്‍കാലങ്ങളില്‍ ചെയ്തിരുന്നതുപോലുള്ള ശുചീകരണ പ്രവര്‍ത്തനങ്ങള്‍ ഫലപ്രദമായി നടത്താന്‍ കഴിയാതിരുന്നതിനാല്‍ മഴ ആരംഭിക്കുന്നതിന് മുമ്പേ പനിയാരംഭിച്ചിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>മഴക്കാല രോഗ പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ക്കുള്ള തുക</u>

2319 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

മുന്‍വര്‍ഷത്തെ മഴക്കാല രോഗ പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ക്കായി ചെലവഴിച്ച തുക വാര്‍ഡുതലത്തില്‍ എത്ര വീതമാണെന്നും ഈ വര്‍ഷം അതില്‍ വര്‍ദ്ധനവ് വരുത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

മഴക്കാലത്തിനു മുൻപുതന്നെ ക്രമാതീതമായി പനി വ്യാപിക്കുന്ന സാഹചര്യം

2320 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വർഷം ഹോട്ട് സ്പോട്ടായി കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയ സ്ഥലങ്ങളിൽപോലും വിവിധ തരം പനികൾ പടരുന്നതിനുണ്ടായ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മഴക്കാലത്തിനു മുൻപുതന്നെ ക്രമാതീതമായി പനികൾ വ്യാപിക്കുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിനായിപ്രത്യേകമായി എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാം

2321 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണമേഖലയിലെ ഹെൽത്ത് സെന്ററുകളിൽ ''കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാം'' നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്ലസ് ടു കഴിഞ്ഞവർക്ക് മൂന്ന് വർഷത്തെ പ്രത്യേക കോഴ്സുകൾ നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ; കോഴ്സിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ബി.എസ്.സി നെഴ്സിംഗിനുള്ള സിലബസിന്റെ എത്ര ശതമാനമാണ് പ്രസ്തുത കോഴ്സിൽ പഠനവിധേയമാക്കുന്നത്;

(ഡി) സംസ്ഥാനത്ത് ചികിത്സാ വൈദഗ്ദ്ധ്യം നേടിയ പതിനായിരക്കണക്കിന് ബി.എസ്.സി നെഴ്സുമാർ തൊഴിലില്ലായ്മ നേരിടുമ്പോൾ പ്രാഥമിക പഠനം മാത്രം നൽകി ജനങ്ങളെ ചികിത്സിക്കാൻ പുതിയ സേനയെ തയ്യാറാക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കുമോ;

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങള്‍</u>

2322 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളില്‍ അനുവദനീയമായ ഡോക്ടര്‍മാരുടെ തസ്തികകള്‍ എത്രയാണ്; ജോലി ചെയ്യുന്നവര്‍ എത്ര; ഒഴിവുകള്‍ എത്ര;

(ബി) ഡോക്ടര്‍മാര്‍ കുറവുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളില്‍ അടിയന്തിരമായി ഡോക്ടര്‍മാരെ നിയമിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മേലടി, തിരുവണ്ടൂർ എന്നീ പി.എച്ച്.സി കൾ സി.എച്ച്.സി ആയി ഉയർത്തിയ നടപടി</u>

2323 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മേലടി, തിരുവണ്ടൂർ എന്നീ പി.എച്ച്.സി കൾ സി.എച്ച്.സി ആയി ഉയർത്തിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ രണ്ട് സി.എച്ച്.സി കളിലും സി.എച്ച്.സി യ്ക്കുവേണ്ടതായ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുമോ;

(സി) ഈ രണ്ട് സി.എച്ച്.സി കളിലും സ്റ്റാഫ് പാറ്റേൺ പ്രാവർത്തികമാക്കാനും തസ്തിക അനുവദിക്കാനും ജീവനക്കാരെ നിയമിക്കാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡയഗ്നോസ്റ്റിക് ലാബ്

2324 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒ.പി. കം ഡയഗ്നോസ്റ്റിക് ലാബ് എൻ.ആർ.എച്ച്.എം. ന്റെ കീഴിൽ നിർമ്മാണം എത്രത്തോളം പൂർത്തികരിച്ചുവെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) എൻ.ആർ.എച്ച്.എം. ന്റെ കീഴിൽ കുട്ടനാട്ടിലെ ആശുപത്രികളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബ്</u>

2325 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് പുതുതായി അനുവദിച്ച പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) താൽക്കാലികമായി സിവിൽ സ്റ്റേഷനിൽ അനുവദിച്ച കെട്ടിടത്തിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയെന്ന് വിശദീകരിക്കാമോ;

(സി) ലാബിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്നും ഇതിലേക്ക് ആവശ്യമായ സ്റ്റാഫിന്റെ എണ്ണവും തസ്തികയും എത്രയെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

മലപ്പുറത്ത് പബ്ലിക്ക് ഹെൽത്ത് ലാബിന് അനുമതി

2326 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബിന് അനുമതിയായിട്ടുണ്ടോ ; എങ്കിൽ എന്നാണ് അനുമതി ലഭിച്ചിരിക്കുന്നത് ;

(ബി) ഇത് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

എലിഞ്ഞിപ്ര സി. എച്ച്. സി. യിലെ അടിസ്ഥാന സൗകര്യങ്ങൾ

2327 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട എലിഞ്ഞിപ്ര പി. എച്ച്. സി.യെ സി. എച്ച്. സി. ആയി ഉയർത്തിയെങ്കിലും ഇതിനാവശ്യമായ ഡോക്ടർമാർ, സ്റ്റാഫ്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഇനിയും അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കടുത്തുരുത്തി പി.എച്ച്.സി - സി.എച്ച്.സി ആക്കുന്നതിനുള്ള നടപടി</u>

2328 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പി.എച്ച്.സി - സി.എച്ച്.സി ആക്കുന്നതിലുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് 11175/എച്ച്. ആന്റ് എഫ്. ഡബ്ല്യു/2013 എന്ന ഫയലിന്റെ തുടർ നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പി.എച്ച്.സികൾ സി.എച്ച്.സി ആക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; 2014-2015 സാമ്പത്തികവർഷം ഏതെല്ലാം പി.എച്ച്.സികൾ ആണ് സി.എച്ച്.സികൾ ആയി ഉയർത്താൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സേഫ് ഫുഡ് സോണിൽ ഉൾപ്പെട്ട ജില്ലകൾ</u>

2329 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളാണ് 'സേഫ് ഫുഡ് സോണിൽ' ഉൾപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം 'സേഫ് ഫുഡ് സോണിൽ' ഉൾപ്പെട്ടിട്ടുള്ള ജില്ലകളിൽ ആരോഗ്യവകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ആരോഗ്യ പ്രശ്നങ്ങൾക്കു കാരണമാകുന്ന വിധം രാസവസ്തുക്കൾ തളിച്ച് വിപണനം ചെയ്യുന്നത് നിരുത്സാഹപ്പെടുത്താൻ ബന്ധപ്പെട്ട അയൽ സംസ്ഥാന ഭരണകൂടങ്ങളുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>രാസവസ്തുക്കൾ ഉപയോഗിച്ച്</u>
<u>പഴുപ്പിച്ച പഴങ്ങളുടെ വിപണനം</u>

2330 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രാസവസ്തുക്കൾ ഉപയോഗിച്ച് മാമ്പഴവും മറ്റ് പഴവർഗ്ഗങ്ങളും പഴുപ്പിച്ച് വിപണനം നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>ഗുഡ്ക, പാൻമസാല നിരോധനം</u>

2331 ശ്രീ. കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, പി.സി. വിഷ്ണുനാഥ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസറിന് കാരണമായേക്കാവുന്ന ഗുഡ്ക, പാൻമസാല എന്നിവ നിരോധിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാം; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധന</u>

2332 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ഹോട്ടലുകൾ, ബേക്കറികൾ, പച്ചക്കറി വിൽപ്പനശാലകൾ, ഫ്രൂട്ട്സ്ററാളുകൾ, പഴവർഗ്ഗ വിൽപ്പനശാലകൾ, ഭക്ഷ്യോൽപ്പന്ന വിപണനശാലകൾ, ഇൻഡ്യൻ കോഫി ഹൗസ് പോലുള്ള സഹകരണ വകുപ്പിന് കീഴിലെ വിപണനശാലകൾ, ഇറച്ചി വില്പ്പന കേന്ദ്രങ്ങൾ, എന്നിവ പരിശോധിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ മായം ചേർക്കലും മറ്റു നിയമ വിരുദ്ധ പ്രവൃത്തികളും നടത്തിയ എത്ര സ്ഥാപനങ്ങൾ പൂട്ടിച്ചു; ഈ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ എന്തു തുക പിഴയിനത്തിൽ ഈടാക്കി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പിഴ നൽകി വീണ്ടും തുറന്ന സ്ഥാപനങ്ങളിൽ വീണ്ടും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിയോ; എങ്കിൽ പരിശോധനയിൽ വീണ്ടും വീഴ്ച വരുത്തിയവയെ കണ്ടെത്തിയോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം കർശന നടപടികൾ സ്വീകരിച്ചു; ഇപ്രകാരം സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങളാണ് കണ്ടെത്തിയത്; വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര ഊർജിത ഭക്ഷ്യ സുരക്ഷാവാരങ്ങൾ നടത്തി; എത്ര തുക ചെലവായി; എന്തെല്ലാം പ്രവർത്തനങ്ങളും കുറ്റക്കാരെ കണ്ടെത്തുന്ന അന്വേഷണങ്ങളും നടത്തി; കുറ്റക്കാരായ എത്ര പേരെ കണ്ടെത്തി; എത്ര പേരെ പോലീസിന് കൈമാറി; എത്ര തുക പിഴ ഇനത്തിൻ ഈടാക്കി; എത്ര സ്ഥാപനങ്ങൾ പൂട്ടിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഉപഭോക്താക്കൾക്ക് ഉപയോഗയുക്തമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>വിദ്യാലയ പരിസരങ്ങളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാര പരിശോധന</u>

2333 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയ പരിസരങ്ങളിൽ പാക്കറ്റുകളിൽ വില്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളിലും ശീതള പാനീയങ്ങളിലും കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന രാസപദാർത്ഥങ്ങൾ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സാധനങ്ങളുടെ വില്പന നിയമം മൂലം നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

ഫോർമാലിനിൽ സൂക്ഷിച്ച മത്സ്യം വിപണനം ചെയ്യുന്നത് തടയാൻ നടപടി

2334 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യം അഴുകാതിരിക്കാൻ ഫോർമാലിൻ വ്യാപകമായി ചേർക്കുന്നതായും അതു മൂലം ധാരാളം പേർ വിഷാംശം കലർന്ന മത്സ്യം കഴിച്ച് ആശുപത്രിയിലാകുന്നതായുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാരകമായ ഇത്തരം വിഷം ഭക്ഷണ സാധനങ്ങളിൽ ചേർക്കുന്നവർക്കും അവ വിൽപ്പന നടത്തുന്നവർക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനുള്ള നടപടികൾ</u>

2335 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില ഭക്ഷണ കേന്ദ്രങ്ങളും, ഇറച്ചി വില്പന കേന്ദ്രങ്ങളും, ഭക്ഷ്യോല്പാദന കേന്ദ്രങ്ങളും ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തും മറ്റു നിയമ വിരുദ്ധ പ്രവൃത്തികളും നടത്തി മനുഷ്യനെ കൊല്ലുന്ന കേന്ദ്രങ്ങളായി മാറുന്നതായ പരാതി പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇവരുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ മൂലം മരണപ്പെട്ടവർ എത്ര; മറ്റു രോഗബാധിതരായവർ എത്ര; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിനും രോഗബാധിതരായവരുടെ ചികിത്സയ്ക്കുമായി എന്തൊക്കെ സഹായങ്ങൾ നൽകി; വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾ യഥാസമയം പരിശോധിച്ച് ഇവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും അനുസരിക്കാത്തവ പൂട്ടുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; അതിനായി സംസ്ഥാന വ്യാപകമായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ എത്ര; നിയോഗിക്കപ്പെട്ടവർക്ക് പ്രസ്തുത പ്രവർത്തനം നടത്തുവാൻ കഴിഞ്ഞുവോ; വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ അവശ്യംവേണ്ട ഉദ്യോഗസ്ഥരെ നിയമിക്കുവാനും അവശ്യം വേണ്ടുന്ന പരിശോധനാ ലാബുകൾ തുടങ്ങാനും, വകുപ്പിന് കീഴിലുള്ള അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പരിശോധ മേഖലകളിൽ നിന്നും മാറ്റി നിർത്താനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ പോഷക പുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ</u>

2336 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പോഷകപുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇവിടെ കിടത്തി ചികിത്സാ സൗകര്യങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചികിത്സയ്ക്ക് പ്രവേശിപ്പിക്കപ്പെടുന്ന കുട്ടിക്കും രക്ഷിതാവിനും ഭക്ഷണം നല്കണം എന്ന നിർദ്ദേശം നടപ്പിലായിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ; ഇക്കാര്യങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സൗജന്യ ജനറിക് മരുന്നുകൾ</u>

2337 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ വഴി ഏതൊക്കെ തരം ജനറിക് മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്യുന്നത്;

(ബി) മരുന്ന് സൗജന്യമായി ലഭിക്കാൻ വേണ്ട യോഗ്യതകൾ എന്തൊക്കെയാണ്;

(സി) പി.എച്ച്.സി. കൾ വഴി സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന കാരുണ്യ ഫാർമസികൾ</u>

2338 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനറിക് മരുന്നുകളുടെ ലഭ്യത വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ ലക്ഷ്യം മുൻനിർത്തി സഞ്ചരിക്കുന്ന കാരുണ്യ ഫാർമസികൾ സ്ഥാപിക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി</u>

2339 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഫാർമസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഫാർമസികളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എവിടെയെല്ലാമാണ് ഫാർമസികൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഫാർമസിയുടെ പ്രവർത്തനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

2013-12 സാമ്പത്തിക വർഷം വാങ്ങിയ മരുന്നുകൾ

2340 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷം നേരിട്ടും മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ വഴിയും എന്തു തുകയുടെ മരുന്നുകൾ, ഡയാലിസിസ്സ് ഉപകരണങ്ങൾ തുടങ്ങിയ ആശുപത്രി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്; കേന്ദ്ര-സംസ്ഥാന മരുന്നു കമ്പനികൾ/പൊതുമേഖലാ മരുന്നു കമ്പനികൾ/സ്വകാര്യ മരുന്നു കമ്പനികൾ എന്നിങ്ങനെ തരം തിരിച്ച്; തുക തിരിച്ച് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന മരുന്നു കമ്പനികളിൽ അവശ്യം വേണ്ടുന്ന മരുന്നുകളുള്ളപ്പോൾ അവയിൽ നിന്നും മരുന്നു വാങ്ങാതെ കമ്മീഷൻ നൽകുന്ന സ്വകാര്യ കമ്പനികളിൽ നിന്നും മരുന്നു വാങ്ങുന്ന വകുപ്പിന്റെയും കോർപ്പറേഷന്റെയും നടപടി അവസാനിപ്പിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തിയ മരുന്ന് ആശുപത്രി ഉപകരണങ്ങളുടെ വാങ്ങൽ സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഈ പ്രവണത തടയുവാൻ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ കമ്മീഷൻ പറ്റി മരുന്നും, ആശുപത്രി ഉപകരണങ്ങളും വാങ്ങിയ വകുപ്പിന്റെയും കോർപ്പറേഷന്റെയും എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ജില്ലാ ആശുപത്രികളിൽ സൗജന്യമായി നൽകുന്ന ജീവൻരക്ഷാമരുന്നുകൾ</u>

2341 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ഏതെല്ലാം ജിവൻരക്ഷാ മരുന്നുകളാണ് സൗജന്യമായി നൽകി വരുന്നത്;

(ബി) ഇടുക്കി ജില്ലാ ആശുപത്രിയിൽ ജീവൻരക്ഷാ മരുന്നുകൾക്ക് ക്ഷാമം നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകളുടെ ദൗർലഭ്യം

2342 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാമ്പത്തികവർഷത്തേയ്ക്കുള്ള മരുന്നുകൾ വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ടെൻഡർ നടപടികൾ സ്വീകരിച്ചത് എന്നാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ ആന്റി റാബീസ് വാക്സിൻ ലഭ്യമാകാത്ത സാഹചര്യം സംജാതമായതെങ്ങനെയാണ്; ആന്റി റാബീസ് വാക്സിൻ അടിയന്തിരമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>സര്‍ക്കാര്‍ ആശുപത്രികളില്‍ അവശ്യമരുന്നുകളുടെ ദൗര്‍ലഭ്യം</u>

2343 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്തെ സര്‍ക്കാര്‍ ആശുപത്രികളില്‍ ഏപ്രില്‍, മെയ് മാസങ്ങളില്‍ വന്‍തോതില്‍ അവശ്യമരുന്നുകളുടെ ദൗര്‍ലഭ്യം അനുഭവപ്പെടുന്നത് പരിഹരിക്കാന്‍ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ മരുന്നുകളുടെ വിതരണ മാനദണ്ഡം</u>

2344 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ മരുന്നുകൾ വിതരണം നടത്തുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(ബി) സംസ്ഥാനത്ത് പി.എച്ച്.സി.കളിൽ പ്രാദേശിക വ്യത്യാസമനുസരിച്ച് മരുന്നുകളുടെ ഉപയോഗത്തിൽ ഏറ്റക്കുറച്ചിലുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുകാരണം അവശ്യമരുന്നുകളുടെ ദൗർലഭ്യവും ആവശ്യമില്ലാത്ത മരുന്നുകളുടെ അധിക സ്റ്റോക്ക് വരുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രാദേശികമായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മരുന്നുകൾ വാങ്ങുന്നതിന് പഞ്ചായത്ത് പ്രോജക്റ്റുകൾ വഴി അനുമതി നൽകുന്നത് പരിഗണിക്കുമോ;

(ഇ) ഇല്ലെങ്കിൽ പ്രാദേശികമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ മരുന്ന് ലഭ്യമാക്കാൻ ബദൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കാരുണ്യ ഫാർമസികളിലെ മരുന്നുക്ഷാമം</u>

T2345 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസികളിൽ മരുന്നുക്ഷാമം അനുഭവപ്പെടുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡം ഉണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

മെഡിക്കൽ സർവ്വീസസ് കേർപ്പറേഷനിൽ പരിശോധന

2346 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ഓഡിറ്റ്</u>

2347 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ടി ഓഡിറ്റ് പ്രകാരം ഏതെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

2348 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവയവദാനത്തിന് സന്നദ്ധരായി വളരെയേറെപേരും സംഘടനകളും രംഗത്തുവരുന്നത് ഉപയോഗപ്പെടുത്തി കൂടുതൽ രോഗികൾക്ക് ഇപ്രകാരം ലഭിക്കുന്ന അവയവങ്ങൾ ഉപയോഗിക്കുന്നതിനും അവരുടെ ജീവൻ രക്ഷിക്കുന്നതിനും കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) അവയവദാനത്തെ പ്രോത്സാഹിപ്പിക്കുവാനും യഥാസമയം അവയവങ്ങൾ ശേഖരിക്കുവാനും ഇവ രോഗികൾക്ക് പ്രയോജനപ്പെടുത്തുവാനും വേണ്ടി ഈ സർക്കാരിന്റ കാലയളവിൽ ചെലവഴിച്ച തുകയും അതിലൂടെ രക്ഷിച്ച ജീവനുകളും എത്രയാണെന്നു വ്യക്തമാക്കുമോ;

(സി) സർക്കാർ മുൻകൈയെടുത്തു ശേഖരിക്കുന്ന അവയവങ്ങൾ സ്വകാര്യ ആശുപത്രികളിലെത്തുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് വിനിയോഗിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അപ്രകാരം അവയവങ്ങൾ സ്വകാര്യസ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും നടപടി എന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അവയവദാനം</u>

2349 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അവയവദാനം, കൈമാറ്റം എന്നിവക്ക് സന്നദ്ധതയുള്ളവരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് അവയവ വില്‍പ്പന നടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ;

(സി) അവയവദാനം, കൈമാറ്റം എന്നിവക്ക് തയ്യാറാകുന്നവര്‍ക്ക് പ്രത്യേകമായി എന്തെങ്കിലും റജിസ്ട്രേഷന്‍ സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയിലെ തട്ടിപ്പ് സാധ്യത ഇല്ലാതാക്കാന്‍ ഉപയുക്തമായ നിയന്ത്രണ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

## അവയവമാറ്റ ശസ്ത്രക്രീയകളുടെ നിരക്ക് ഏകീകരിക്കുന്നതിനുള്ള നടപടി

2350 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരൾ-വൃക്ക രോഗങ്ങൾക്ക് പ്രസ്തുത അവയവങ്ങൾ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയകൾ നടത്തുന്ന സർക്കാർ മേഖലയിലെ ആശുപത്രികൾ ഏതെല്ലാമാണെന്നും അവിടെ ഏത്ര ശസ്ത്രക്രിയകൾ നടത്തുവാൻ കഴിയുന്നുണ്ടെന്നും അതിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്നും സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(ബി) കരൾ,വൃക്ക എന്നീ അവയവങ്ങൾ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയകൾ നടത്തുന്ന കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണെന്നു പറയാമോ; ഇവിടങ്ങളിൽ ഇത്തരം ശസ്ത്രക്രിയകൾക്ക് വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ സ്ഥാപനങ്ങളിലെ നിരക്കുകൾ നിശ്ചയിക്കുന്നത് ആരാണെന്നു പറയാമോ; ഇത്തരം കാര്യങ്ങളിൽ സർക്കാരിന്റെ പങ്ക് വ്യക്തമാക്കുമോ;

(സി) സർക്കാർ അശുപത്രികളിലും മെഡിക്കൽകോളേജുകളിലും നടത്തുന്നമേൽപറഞ്ഞ തരം ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും ഒന്നോ രണ്ടോ ലക്ഷം രൂപമാത്രം ചെലവുവരുമ്പോൾ വൻകിട സ്വകാര്യ ആശപത്രികളിൽ ഇത്തരം ശസ്ത്രക്രിയകൾക്ക് പത്തും ഇരുപതും മടങ്ങ് തുക രോഗികളിൽ നിന്നും വാങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അമിത ചാർജ്ജുകൾ വാങ്ങുന്ന സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നു പറയാമോ;

(ഡി) അവയദാനത്തിന് ഒട്ടേറെപേർ സന്നദ്ധരായി മുന്നോട്ടുവരുന്ന സാഹചര്യം കണക്കിലെടുത്ത് അത് പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽപേരെ രക്ഷിക്കുന്നതിനും സർക്കാർ ആശുപത്രികളിലും മെഡിക്കൽകോളേജുകളിലും കൂടുതൽ സൗകര്യങ്ങളൊരുക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത്തരം ചികിത്സകളും ഓപ്പറേഷനുകളും നടത്തുന്ന സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ഫീസ് ഏകീകരിച്ച് ഏറ്റവും മിതമായ നിരക്കിൽ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലെ
എച്ച്.ഇ.എസ്-ന്റെ പ്രവർത്തനം

2351 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി സ്ഥാപിച്ചത് ഏത് ഗവൺമെന്റുത്തരവിന്റെ അടിസ്ഥാനത്തിലാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) എച്ച്.ഇ.എസ്.ന്റെ പ്രവർത്തനരീതിയും, ഭരണസംവിധാനവും ഏത് വിധമാണെന്ന് വിശദമാക്കുമോ ;

(സി) എക്സിക്യൂട്ടീവ് അംഗങ്ങൾ എത്രയാണെന്നും ആരൊക്കെയാണെന്നും ഇവരെ തെരഞ്ഞെടുക്കുന്ന രീതിയും വിശദമാക്കുമോ ;

(ഡി) എസ്.എ.റ്റി. എച്ച്.ഇ.എസ്. ന്റെ കീഴിൽ ഇവിടെ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഈ സ്ഥാപനങ്ങളിലെല്ലാമായി ആകെ എത്ര ജീവനക്കാരുണ്ടെന്നും പേരും, തസ്തികയും തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) എസ്.എ.ടി.എച്ച്.ഇ.എസ്. ന്റെ കീഴിൽ ജീവനക്കാരെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ ;

(എഫ്) സർക്കാർ ആശുപത്രികളിൽ ചാരിറ്റബിൾ സൊസൈറ്റികൾ പ്രവർത്തിക്കുവാൻ അനുമതി നൽകാറുണ്ടോ ;

(ജി) എസ്.എ.റ്റി.എച്ച്.ഇ.എസ്.ലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന ഏജൻസി ഏതാണ് ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ഡബ്ല്യൂ & സി ആശുപത്രിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി</u>

2352 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഡബ്ല്യൂ & സി ആശുപത്രിയിൽ വൈദ്യുതി തകരാറുമൂലം ലേബർ റൂമിൽ മെഴുകുതിരി വെളിച്ചത്തിൽ ഓപ്പറേഷൻ നടപടികൾ പൂർത്തിയാക്കേണ്ടി വന്ന സംഭവത്തെ തുടർന്നുണ്ടായ ജനങ്ങളുടെ പ്രതിഷേധം സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2011-2012, 2012-2013 വർഷങ്ങളിൽ പ്രസ്തുത ആശുപത്രിയിൽ എത്ര ഡെലിവറികൾ നടന്നുവെന്ന് അറിയിക്കാമോ ;

(സി) ജനസാന്ദ്രതയുള്ള പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ആശുപത്രിയെന്ന നിലയിൽ ഇതിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടികൾ കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

വാമനപുരം നിയോജകമണ്ഡലത്തിലെ ആശുപത്രികൾ

2353 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി., സി.എച്ച്.സി. ഇവയുടെ സബ്സെന്ററുകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(സി) ഈ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ ഫിസിയോതെറാപ്പി യൂണിറ്റ്</u>

2354 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ ഫിസിയോതെറാപ്പി യൂണിറ്റ് അടച്ച് പൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

